## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 783      20.03.2013-ൽ മറുപടിക്ക്

# പുതിയ ആശുപത്രികൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതിയതായി തുടങ്ങുവാൻ തീരുമാനിച്ച ഗവൺമെന്റ് ഹോമിയോ ആശുപത്രികളും ഗവൺമെന്റ് ആയുർവ്വേദ ആശുപത്രികളും എന്നത്തേക്ക പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) 23.02.2013 ലെ സർക്കാർ ഉത്തരവ് G.O. (MS)62/13/H&FWD പ്രകാരം അനുവദിച്ച 30 ഹോമിയോ ഡിസ്പെൻസറികൾ, 2013 മാർച്ച് 31-നകം പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>23.02.2013 ലെ സർക്കാർ ഉത്തരവ് G.O. (MS)61/13/H&FWD പ്രകാരം അനുവദിച്ച 25 ആയുർവേദ ഡിസ്പെൻസറികൾ, ബന്ധപ്പെട്ട പഞ്ചായത്തുകൾ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആശുപത്രികൾ പ്രവർത്തിക്കാൻ കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ? | (ബി) പ്രസ്തുത ഡിസ്പെൻസറികൾ പ്രവർത്തിക്കാൻ കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കേണ്ടത് സ്ഥാപനം സ്ഥിതി ചെയ്യുന്ന അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്. |

സെക്ഷൻ ഓഫീസർ